**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.1392 **06/02/2020 ൽ മറുപടിക്ക്**

## മൂവാറ്റുപുഴ താലൂക്കിലെ റീസർവ്വെ

**ചോദ്യം**

**ശ്രീ.എൽദോ എബ്രഹാം**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ താലൂക്കിൽ റീസർവ്വെ നടക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റീസർവ്വെ പൂർത്തിയാകാത്ത വില്ലേജുകളിൽ റവന്യൂ വകുപ്പ് മുഖാന്തിരം നിലവിൽ റവന്യൂ ഭരണത്തിലിരിക്കുന്ന റിക്കാർഡുകൾ പ്രകാരം പോക്കുവരവ് ചെയ്യുന്നതിനും, കരം അടയ്ക്കുന്നതിനും ഉൾപ്പടെയുള്ള നടപടികൾക്ക് യാതൊരു തടസ്സവുമില്ലാത്തതാണ്. ഇക്കാരണത്താൽ റീസർവ്വെ പൂർത്തിയാക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ല. |
| (ബി) | പ്രസ്തുത താലൂക്കിലെ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വെ നടക്കാനുള്ളതെന്നും എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കാമോ; | (ബി) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ ആകെയുള്ള 18 വില്ലേജുകളിലും റീസർവ്വെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. റീസർവ്വെ നടപടികൾക്കുപരിയായി സ്പെഷ്യൽ സർവ്വെ, LA ജോലികൾ, LRM ജോലികൾ, NH ജോലികൾ എന്നിവയ്ക്കായും സർവ്വെ വകുപ്പിലെ ജീവനക്കാരുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്. ഇക്കാരണത്താൽ മൂവാറ്റുപുഴ താലൂക്കിലെ വില്ലേജുകളുടെ റീസർവ്വെ എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് കൃത്യമായി കണക്കാക്കുവാൻ കഴിയുകയില്ല. എന്നാൽ 10/05/2018 ലെ സ.ഉ.(എം.എസ്) നം.181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അംഗീകൃത ഏജൻസികളെ നിയോഗിച്ച് സർവ്വെ ചെയ്യുന്നതിനുള്ള അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിക്കുമ്പോൾ കൂടുതൽ വില്ലേജുകളിൽ റീസർവ്വെ നടപടികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | റീസർവ്വെ പുരോഗതിക്കായി മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു റീസർവ്വെ ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയ്ക്കായി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും സർവ്വെ സൂപ്രണ്ട് ഓഫീസുകൾ ആരംഭിക്കുന്ന തരത്തിൽ വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ